ഉയർത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഐ.എച്ച്.ആർ.ഡി.യുടെ ആഭിമുഖ്യത്തിൽ തൊടുപുഴ, കപ്രാശ്ശേരി, മല്ലപ്പള്ളി എന്നിവിടങ്ങളിൽ ഓരോ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകൾ വീതവും കല്യാശ്ശേരി, കരുനാഗപ്പള്ളി, പൈനാവ് എന്നിവിടങ്ങളിൽ ഓരോ പോളിടെക്നിക്ക് വീതവും മല്ലപ്പള്ളിയിൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് എന്ന സ്ഥാപനവും തൊടുപുഴ എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു എൻജിനീയറിംഗ് കോളേജും ആരംഭിച്ചിട്ടുണ്ട്.

(ബി) ഇല്ല. സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പഠന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിലേക്കായി സർക്കാർ മേഖലയിൽ അഞ്ച് പോളിടെക്നിക്കുകൾ ആരംഭിക്കുവാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ സർക്കാർ മേഖലയിൽ തന്നെ 4 എഞ്ചിനീയറിംഗ് കോളേജുകളും ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ ഒരു സ്വാശ്രയ എൻജിനീയറിംഗ് കോളേജും സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതിനു പുറമേ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കീഴിലും സഹകരണ മേഖലയിലും ഓരോ എഞ്ചിനീയറിംഗ് കോളേജുകൾ പരിഗണനയിലുണ്ട്.

(സി) ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ ചെങ്ങന്നൂരും അടൂരും ഓരോ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും എറണാകുളത്ത് ഒരു മോഡൽ എഞ്ചിനീയറിംഗ് കോളേജും നടന്നുവരുന്നുണ്ട്. നടപ്പു അദ്ധ്യയന വർഷത്തിൽ പത്തനംതിട്ട ജില്ലയിൽ ഒരു പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുവാൻ തീരുമാനമായിട്ടുണ്ട്. കൂടാതെ കാസർഗോഡ് എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനവും, അടൂർ, മാവേലിക്കര, മല്ലപ്പള്ളി, പുതുപ്പള്ളി, പീരുമേട്, വടക്കാഞ്ചേരി, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്വാശ്രയാടിസ്ഥാനത്തിൽ അപ്ലൈഡ് സയൻസ് കോളേജുകളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇതു കൂടാതെ പാപ്പനംകോട് കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ ശ്രീ. ശ്രീചിത്ര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനവും തൊടുപുഴയിൽ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. നടപ്പു അദ്ധ്യയന വർഷത്തിൽ കണ്ണൂർ ജില്ലയിൽ സ്വാശ്രയാടിസ്ഥാനത്തിൽ ഒരു അപ്ലൈഡ് സയൻസ് കോളേജ് ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

സ്വാശ്രയ കോളേജുകൾ

71 (854)ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസരംഗത്ത് സ്വാശ്രയ കോളേജുകൾ ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ മേഖലയിലാണ് സ്വാശ്രയ സ്ഥാപനങ്ങൾ തുടങ്ങുന്നത്;

(സി) ഇപ്രകാരം തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്വാശ്രയ സംവിധാനത്തിന് ഗവൺമെന്റ് നിർദ്ദേശിക്കുന്ന നിബന്ധനകൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) നടപ്പുവർഷം സഹകരണമേഖലയിൽ വടകരയിൽ ഒരു എഞ്ചിനീയറിംഗ് കോളേജും ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ പത്തനംതിട്ടയിൽ എഞ്ചിനീയറിംഗ് കോളേജും കണ്ണൂർ ജില്ലയിൽ പട്ടുവത്ത് ഒരു അപ്ലൈഡ് സയൻസ് കോളേജും സ്വാശ്രയ അടിസ്ഥാനത്തിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) എ.ഐ.സി.റ്റി.യും സംസ്ഥാന സർക്കാരും ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയും നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ ബാധകമാണ്.

കൂടുതൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി

72 (855)ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവശ്യത്തിന് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം സംസ്ഥാനത്തെ വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അന്യസംസ്ഥാനങ്ങളിൽ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കുന്നതിനായി കൂടുതൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഭാവിയിൽ ഈ രംഗത്ത് സ്വകാര്യ മേഖലയ്ക്ക് കൂടി പരിഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. നടപ്പു അദ്ധ്യയന വർഷം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 4 പുതിയ എഞ്ചിനീയറിംഗ് കോളേജുകളും ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ ഒരു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജും സ്ഥാപിക്കാൻ തീരുമാനമായിട്ടുണ്ട്. കൂടാതെ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കീഴിലും സഹകരണ മേഖലയിലും ഓരോ എഞ്ചിനീയറിംഗ് കോളേജുകൾ പരിഗണനയിലുണ്ട്.

(ഡി) തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly